# RELIGIOUS & MORAL INSTRUCTION CENTRE

# DIOCESE OF PALAI

പ്രിയ ബഹുമാനപ്പെട്ട പ്രധമാദ്ധ്യാപകരേ,

പാലാ രൂപതാ Religious and Moral Instruction Centre – ൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

നമ്മുടെ രൂപതയിലെ Aided and Un Aided സ്കൂളുകളിൽ X,XI,XII ക്ലാസ്സുകളിൽ പഠിക്കുന്ന കത്തോലിക്കാ കുട്ടികളെ ഉദ്ദേശിച്ച് നടത്തേണ്ട **ജീവിതദർശന സെമിനാറിനെ** സംബന്ധിച്ച് അറിയിക്കുവാനാണ് ഈ ബുള്ളറ്റിൻ അയയ്ക്കുന്നത്. ദൈവവിളികളായ **കുടുംബജീവിതം, സന്യാസം, പൗരോഹിത്യം** എന്നിവയെ സംബന്ധിച്ച് ശരിയായ അവബോധം യുവത്വത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കു നല്കുന്നതിനുവേണ്ടിയാണ് സ്കൂളുകളിൽ ജീവിതദർശന സെമിനാർ നടത്തുന്നത്. ഈ സെമിനാർ **ഡിസംബർ 31 –നു മുമ്പ്** നമ്മുടെ എല്ലാ സ്കൂളുകളിലും നടത്തിയിരിക്കേണ്ടതാണ്. നിങ്ങളുടെ സ്കൂളിൽ ഈ സെമിനാർ നടത്തുന്ന തീയതിയും അതിനു നേതൃത്വം നൽകുന്ന വൈദികന്റെ പേരും നടന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കണം. അതേ സമയം രൂപതാ കോർപ്പറേറ്റിനു കീഴിലുള്ള എയ്ഡഡ് സ്കൂളുകൾ ഈ വിവരം കോർപ്പറേറ്റ് ഓഫീസിൽക്കൂടി അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളും കൃത്യമായി പാലിക്കേണ്ടതാണ്.

1. ഇത് ഒരു സെമിനാറാണ്, ധ്യാനമല്ല. അതുകൊണ്ട് ധ്യാനം ഇതിനു പകരമാകും എന്ന് കരുതരുത്. ധ്യാനം വേറൊരവസരത്തിലാണ് നടത്തേണ്ടത്.

2. ഈ ഓഫീസിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും ഒരു വൈദികനെയാവണം സെമിനാറിന് ക്ഷണിക്കേണ്ടത്. ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

3. കുറഞ്ഞത് ഒരു അർദ്ധദിനമെങ്കിലും സെമിനാറിനായി മാറ്റിവയ്ക്കേണ്ടതാണ്. കഴിയുന്നതും ഉച്ചക്കുമുമ്പുള്ള സമയം ഇതിനായി ക്രമീകരിക്കേണ്ടതാണ്.

4. X,XI,XII ക്ലാസ്സുകളിലെ കത്തോലിക്കാ കുട്ടികൾക്കുവേണ്ടി മാത്രമാണ് ജീവിതദർശന സെമിനാർ. ഇതര മതസ്ഥർക്കും അകത്തോലിക്കർക്കും ഒരു ധാർമ്മികവിഷയത്തോട് ബന്ധപ്പെട്ട സെമിനാർ ഇതേസമയം ആവശ്യമെങ്കിൽ നടത്താവുന്നതാണ്.

5. സെമിനാർ സൗകര്യപ്രദമായ സ്ഥലത്ത് ക്രമീകരിക്കുകയും ക്ലാസ്സദ്ധ്യാപകർ കുട്ടികളോടൊപ്പമായിരുന്ന് നേതൃത്വം നൽകുകയും ചെയ്യേണ്ടതാണ്. സാധ്യമാകുന്നതുപോലെ പ്രധമാദ്ധ്യാപകരും തങ്ങളുടെ സാന്നിധ്യം കൊണ്ട് സെമിനാറിന്റെ ഗൗരവസ്വഭാവവും ഫലപ്രാപ്തിയും ഉറപ്പുവരുത്തണം. അദ്ധ്യാപകർ ഇതിന് നൽകുന്ന ഗൗരവസ്വഭാവത്തിനനുസരിച്ചു മാത്രമെ കുട്ടികൾക്ക് ഇതിനോട് ശരിയായി പ്രതികരിക്കാൻ കഴിയുകയുള്ളു. ആവശ്യമായ സൗണ്ട് സിസ്റ്റവും, പശ്ചാത്തലവും മുൻകൂട്ടി ക്രമീകരിക്കുമല്ലോ.

P.T.O

6. സന്യാസസഭകൾ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി സ്കൂളുകൾ സന്ദർശിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ധാരാളം കുട്ടികളെ കണ്ടെത്താൻ കഴിയുന്നുമുണ്ട്. എന്നാൽ നമ്മുടെ മിഷൻ രൂപതകൾക്ക് ആ രീതിയിൽ നാട്ടിൽ വന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനാൽ മിഷനിലേക്ക് ഈ വർഷം നമ്മുടെ രൂപതയിൽ നിന്നും കുറച്ചുകുട്ടികൾ മാത്രമാണ് പോയിരിക്കുന്നത്. നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ പ്രവർത്തന സ്വാതന്ത്ര്യം കിട്ടിയിരിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ ദൈവവിളികൾ മിഷൻരൂപതകളിലേക്ക് ഉണ്ടാകണമെന്നാണ് നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ ആഗ്രഹിക്കുന്നത്. ആകയാൽ നമ്മുടെ രൂപതയിൽ വൈദികരാകാനും, സീറോമലബാർ സഭയുടെ മിഷൻ രൂപതകൾക്കുവേണ്ടി വൈദികരാകാനും കുട്ടികളെ സ്കൂൾ അധ്യാപകരും സിസ്റ്റേഴ്സും കൂടുതൽ പ്രോത്സാഹിപ്പിക്കണം.

ജീവിതദർശന സെമിനാറിന് താഴെനൽകിയിരിക്കുന്ന ലിസ്റ്റിൽ നിന്നും ഏതെങ്കിലും ഒരു വൈദികനെ ക്ഷണിക്കാവുന്നതാണ്.

1) Rev. Fr. John Kannanthanam - 9447040653
2) Rev. Fr. Thomas Punnathanathu - 8281813504
3) Rev. Fr. Joseph Kuttiankal - 8078154099
4) Rev. Fr. Vincent Moongamakkal - 9447661326
5) Rev. Fr. James Madickangal – 9605215500
6) Rev. Fr. Mathew Kolathu – 8547564915
7) Rev. Fr. Joseph Maniyangattu - 9048181680
8) Rev. Fr. Augustine Inchakkuzhiyil - 9048618205
9) Rev. Fr. Joseph Ambattu - 9961217779
10) Rev. Fr. Thomas Karottukizhakkel - 9447940444
11) Rev. Fr. Thomas Thayyil - 9496542361
12) Rev. Fr. Francis Mattel - 9656075679
13) Rev. Fr. Justine Valayampallil - 9400170014
14) Rev. Fr. George Pympillil - 8943879787
15) Rev. Fr. George Ponnamvarickayil – 9747617136
16) Rev. Fr. John Kuttarappallil – 9495362831
17) Rev. Fr. James Panachickal Karottu – 8547933912
18) Rev. Fr. Thomas Kumbuckal – 9567986789
19) Rev. Fr. Joseph Kaitholil - 9747352777

ആ സ്കൂളിലെ സാറിന്റെ നേതൃത്വത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹങ്ങളും സർവ്വവിധ വിജയങ്ങളും ആശംസിച്ചുകൊണ്ട് ഈശോയിൽ സ്നേഹപൂർവ്വം,

Rev. Fr. Berchmans Kunnumpuram
Secretary
Corporate Educational Agency,
Eparchy of Palai

Fr. Sebastian Pazheparampil
Director
Religious & Moral Instruction Centre
Eparchy of Palai